## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1610 — 21.01.2014 ലെ മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ നടപ്പാക്കി വരുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി) |
| എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പദ്ധതികളെക്കുറിച്ച് വ്യക്തമാക്കുമോ;<br><br>ബി) ഓരോ പദ്ധതിപ്രകാരവും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്നും പ്രസ്തുത ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കേണ്ടതെങ്ങനെയെന്നും വ്യക്തമാക്കാമോ? | എ) യും ബി) യും<br><br>1. <u>കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്.മുഹമ്മദ് കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ്</u><br>മുസ്ലീം, ലാത്തീൻ ക്രിസ്ത്യാനി, പരിവർത്തിത ക്രൈസ്തവർ എന്നീ വിഭാഗത്തിലെ പെൺകുട്ടികൾക്കാണ് സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ് നൽകി വരുന്നത്. ഡിഗ്രിയ്ക്ക് 4000/- രൂപയും, പി.ജി-യ്ക്ക് 5000/- രൂപയും, പ്രൊഫഷണൽ കോഴ്സിനു 6000/- രൂപയും ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സ്റ്റൈപ്പന്റായി കോഴ്സ് വ്യത്യാസമില്ലാതെ 12,000/- രൂപയും നൽകി വരുന്നു. അപേക്ഷ online വഴിയാണ് സമർപ്പിക്കേണ്ടത്.<br><br>2. യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രങ്ങൾ. (സംസ്ഥാനത്തെ 14 ജില്ലകളിലായി 16 കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.)<br><br>3. മദ്രസ്സാ അദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി<br><br>4. <u>ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി</u><br>ന്യൂനപക്ഷ ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന പദ്ധതിയാണിത്. കേരള വാട്ടർ അതോറിറ്റി വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 400 ലക്ഷം രൂപയാണ് നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി ചെലവാക്കാനുദ്ദേശിക്കുന്നത്.<br><br>5. <u>സി.എ/ഐ.സി.ഡബ്ല്യൂ.എ./സി.എസ്. കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.</u><br>സി.എ/ഐ.സി.ഡബ്ല്യൂ.എ./സി.എസ്. കോഴ്സുകൾക്ക് ഇന്റർമീഡിയേറ്റ് – 12,000/–, ഫൈനൽ കോഴ്സ് – 12,000/–, ഫൗണ്ടേഷൻ കോഴ്സ്– 6,000/– രൂപവീതമാണ് അനുവദിച്ചിട്ടുള്ളത്. ആകെ സ്കോളർഷിപ്പായി 20 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. അപേക്ഷ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലാണ് സമർപ്പിക്കേണ്ടത്. |

6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പരിപാടി.

വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിന് വിദഗ്ധരായ കരിയർ കൗൺസിലർമാരുടെ നേതൃത്വത്തിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് വിവിധ കോഴ്സുകളെക്കുറിച്ച് അവബോധം നൽകുന്ന ഒരു പരിശീലന പരിപാടിയാണിത്. 20 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി വിഭാവനം ചെയ്തിട്ടുള്ളത്.ഓരോ പദ്ധതികൾ നടപ്പാക്കുന്നതിനും പത്ര പരസ്യം വഴിയാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. നിശ്ചിത യോഗ്യതയുള്ള അപേക്ഷകർ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

7. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്.

ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിന് താല്പര്യമുള്ള ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകാനുദ്ദേശിച്ചുള്ള പ്രൊജക്ട്. ഉന്നത പഠന മേഖലകളിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പ്രവേശനാനുപാതം, ന്യൂനപക്ഷ കേന്ദ്രീകൃത ചേരി പ്രദേശങ്ങളുടെ പുനരുദ്ധാരണം, പൊതു വിദ്യാഭ്യാസ - ഉന്നത വിദ്യാഭ്യാസ – പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലകളിലെ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്, ന്യൂനപക്ഷ കുടുംബങ്ങളിലെ പ്രശ്നങ്ങൾ,ന്യൂനപക്ഷ സമുദായങ്ങളുടെ വിഭവ സമാഹരണം, ന്യൂനപക്ഷങ്ങളുടെ വികസനത്തിന് വിഘാതം സൃഷ്ടിക്കുന്ന മറ്റു വിഷയങ്ങൾ തുടങ്ങിയ മേഖലകളിലാണ് ഗവേഷണം നടത്തേണ്ടത്. നിശ്ചിത യോഗ്യതയുള്ള അപേക്ഷകർ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

8. ഐ.റ്റി.ഐ. / ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ഫീ റീ-ഇംബേഴ്സ് മെന്റ് സ്കീം.

സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ. (ബി.പി.എൽ. വിഭാഗത്തിന്റെ അഭാവത്തിൽ 2.5 ലക്ഷം രൂപ വരുമാന പരിധിയുള്ള എ.പി.എൽ. വിഭാഗത്തിനും) വിദ്യാർത്ഥികൾക്ക് 2വർഷം, 1വർഷം, 6 മാസം ദൈർഘ്യമുള്ള കോഴ്സുകൾക്ക് യഥാക്രമം 20000രൂപ, 10000രൂപ, 5000 രൂപ വീതം 1 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. നിശ്ചിത യോഗ്യതയുള്ള അപേക്ഷകർ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിൽ ലഭ്യമാക്കുകയാണ് ചെയ്യുന്നത്.

9. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് ഭവന പദ്ധതി.

ന്യൂനപക്ഷ വിധവകൾക്കും, വിവാഹ ബന്ധം വേർപ്പെടുത്തിയ സ്ത്രീകൾക്കുമുള്ള ഭവന നിർമ്മാണ പദ്ധതിയിലേയ്ക്ക് 250 വീടുകളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഓരോ ഭവനത്തിനും രണ്ട് ലക്ഷം രൂപ നിരക്കിൽ 500 ലക്ഷം രൂപയാണ് പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. അപേക്ഷ അതാത് ജില്ലാകളക്ടറേറ്റുകളിലാണ് സമർപ്പിക്കേണ്ടത്.

10. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി.

വയനാട് ജില്ലയിൽ ന്യൂനപക്ഷ ക്ഷേമം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് ബഹുമുഖ വികസന പദ്ധതി. ഈ പദ്ധതി പ്രകാരം ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളവിതരണം, നൈപുണി വികസനം എന്നീ മേഖലകളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിഹിതം വഹിച്ച് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 8400 ലക്ഷം രൂപയാണ് (6300 ലക്ഷം കേന്ദ്ര വിഹിതം + 2100 ലക്ഷം സംസ്ഥാന വിഹിതം) നടപ്പു സാമ്പത്തിക വർഷം പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ